Syro Malabar Commission for Liturgy

## മാർ അപ്രേം മല്പാൻ (എ.ഡി 306-373)




എല്ലാ വർഷവും ജൂൺ 9-ാം തീയതി മാർ അപ്രേം മല്പാന്റെ ദീപ്തസ്മരണ നാം ആഘോഷിക്കുന്നു. ഏകദേശം ഒരു നൂറ്റാണ്ടു മുൻപ് 1920 ഒക്ടോബർ 5-ാം തീയതി 'പ്രിൻചിപ്പി അപ്പസ്തൊലോരും പേത്രോ' എന്ന ചാക്രികലേഖനംവഴി ബനഡിക്റ്റ് 15-ാമൻ പാപ്പ മാർ അപ്രേമിനെ സാർവ്വത്രികസഭയുടെ "വേദപാരംഗതൻ" (Doctor of the Universal Church) ആയി പ്രഖ്യാപിച്ചു. എന്നാൽ ഇങ്ങനെയൊരു പരസ്യപ്രഖാപനത്തിന് എത്രയോ മുൻപുതന്നെ കിഴക്കും പടിഞ്ഞാറുമുള്ള സഭാമക്കളുടെ ഹൃദയങ്ങളിൽ മാർ അപ്രേം മല്പാനായി അവരോധിക്കപ്പെട്ടിരുന്നു. പൗരോഹിത്യമോ മെത്രാൻ പദവിയോ സ്വീകരിക്കുവാൻ താൻ തികച്ചും അയോഗ്യനാണെന്ന് വിശ്വസിച്ച് ജീവിതകാലം മുഴുവൻ സഭയുടെ പരിശുദ്ധ മദ്ബഹായുടെ മുൻപിൽ ഒരു മ്ശംശാനയായി വിനീതശുശ്രൂഷ ചെയ്ത ഈ ശ്രേഷ്ഠമല്പാന് സഭ മുഴുവൻ ഒന്നു ചേർന്നർപ്പിച്ച ആദരവിന്റെ പരസ്യപ്രഖ്യാപനം മാത്രമായിരുന്നു മാർപാപ്പായുടെ ഈ വിളംബരം. മാർ അപ്രേം സുറിയാനിക്കാരായ മാർ തോമാ നസ്രാണികൾക്ക് അപരിചിതനല്ല. ദിവസത്തിൽ പലപ്രാവശ്യം യാമപ്രാർത്ഥനകൾക്കായി ഒന്നിച്ചുകൂടുന്ന തങ്ങളെ അവയിലെ പ്രാർത്ഥനകളിലൂടെയും ഗീതങ്ങളിലൂടെയും സഭയുടെ യഥാർത്ഥവിശ്വാസത്തിന്റെ ബാലപാഠങ്ങൾ മുതൽ ഉന്നതദൈവശാസ്ത്രംവരെ അഭ്യസിപ്പിക്കുന്ന ഈ മല്പാന്റെ സ്വരം അവർക്കെങ്ങനെ അപരിചിതമാകും? സുറിയാനി പാരമ്പര്യത്തിൽപ്പെട്ട വിവിധസഭകളിൽ മാത്രമല്ല, ഗ്രീക്ക്, കോപ്റ്റിക്ക്, എത്യോപ്യൻ, അർമേനിയൻ, സ്ലാവ് സഭകളിലെല്ലാം അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന ഈ വിശുദ്ധൻ സുറിയാനിക്കാരുടെ അഭിമാനവും സാർവ്വത്രികസഭയിലെ ഒരു വിസ്മയവുമാണ്.

ഏകദേശം എ.ഡി 306 നോടടുത്ത് തുർക്കിയിലെ നിസിബിസിൽ ക്രൈസ്തവ മാതാപിതാക്കളിൽനിന്ന് ജനിച്ച അപ്രേമിന്റെ 63 വർഷങ്ങൾമാത്രം നീണ്ട ജീവിതം തികച്ചും സംഭവബഹുലമായിരുന്നു. രക്തസാക്ഷികളായി എന്ന് കരുതപ്പെടുന്ന ധീരരായ മാതാപിതാക്കളിൽനിന്ന് അപ്രേം സ്വീകരിച്ച വിശ്വാസവിത്ത് അദ്ദേഹത്തിൽ നൂറുമടങ്ങ് ഫലം പുറപ്പെടുവിച്ചുവെങ്കിൽ അതിനു പിന്നിൽ അവർക്കൊപ്പം അദ്ദേഹത്തിന്റെ ഗുരുവായ വിശ്രുതനായ നിസിബിസിലെ മാർ യാക്കോബ് മെത്രാനും പങ്കുണ്ട്. അപ്രേമിന് മാമ്മോദീസാ നൽകിയത് ഈ മെത്രാനാണ്. തന്റെ ഈ മേല്പട്ടക്കാരനെക്കുറിച്ചുള്ള ഹൃദയസ്പർശിയായ വിവരണങ്ങൾ അദ്ദേഹത്തിന്റെ ഗീതങ്ങളിൽ കാണാം. പിന്നീട് ഉടമ്പടിയുടെ പുത്രന്മാർ (ബ്നൈ ക്യാമ) എന്നറിയപ്പെട്ടിരുന്ന താപസസമൂഹത്തിലെ അംഗമായിതീർന്ന അപ്രേമിനെ മാർ യാക്കോബ് നിസിബിസിലെ വിശ്രുതമായ ദൈവശാസ്ത്രകലാലയത്തിൽ വി. ഗ്രന്ഥവ്യാഖ്യാതാവായി നിയമിച്ചു. മാർ അപ്രേമിന്റെ കീഴിൽ ഈ പാഠശാല വിശ്വപ്രസിദ്ധമായി വളർന്നതിന് ചരിത്രം സാക്ഷി.

തന്റെ ജീവിതക്കാലത്ത് മാർ അപ്രേം അനേകം യുദ്ധങ്ങൾക്കും സാക്ഷ്യംവഹിച്ചു. പേർഷ്യൻ ചക്രവർത്തിയായിരുന്ന ഷാപ്പൂർ രണ്ടാമൻ എ.ഡി. 338, 346, 350 വർഷങ്ങളിൽ അപ്രേമിന്റെ മാതൃനഗരമായ നിസിബിസ് കീഴടക്കാൻ ശ്രമിച്ചെങ്കിലും മൂന്നുതവണയും നിസിബിസ് ഈ ആക്രമണത്തെ ചെറുത്തുനിന്നു. ഈ അവസരങ്ങളിലൊക്കെ യുദ്ധക്കെടുതികളിൽ ദുരിതമനുഭവിച്ചിരുന്ന ജനങ്ങളെ സഹായിക്കാനും രാജ്യത്തെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കാനുമൊക്കെ മാർ അപ്രേം അത്യധ്വാനം ചെയ്തു. എന്നാൽ എ.ഡി. 363-ൽ പേർഷ്യ നിസിബിസിനെ കീഴടക്കി. മാർ അപ്രേം ഉൾപ്പെടെ എല്ലാ ക്രിസ്ത്യാനികളും നിസിബിസ് വിട്ട് എദ്ദേസായിലേയ്ക്ക് കുടിയേറി. ശിഷ്ടകാലം മാർ അപ്രേം എദ്ദേസായിലായിരുന്നു ജീവിച്ചത്. അദ്ദേഹത്തിന്റെ കൃതികളിൽ പലതും ഇവിടെവച്ചാണ് എഴുതപ്പെട്ടത്. ''നിസിബിയൻ ഗീതങ്ങൾ''

www.malankaralibrary.com

എന്ന കാവ്യസമുച്ചയം യഥാർത്ഥത്തിൽ തന്റെ മാതൃനഗരത്തെക്കുറിച്ചുള്ള മാർ അപ്രേമിന്റെ ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകളുടെ ആവിഷ്ക്കാരമാണ്. മാർ അപ്രേമിന്റെ വരവോടെ എദ്ദേസായിലെ ദൈവശാസ്ത്രകലാലയം പ്രശസ്തമായി. അനേകവർഷങ്ങൾ അദ്ദേഹത്തിന്റെ കൃതികളായിരുന്നു ഈ കലാലയത്തിലെ ഔദ്യോഗിക പാഠപുസ്തകങ്ങൾ.

മാർ അപ്രേം ഒരു ജീവിക്കുന്ന ഇതിഹാസമായിരുന്നു. അദ്ദേഹത്തിന്റെ അപരനാമങ്ങളുടെ ദീർഘപട്ടികയിലെ ഓരോ നാമവും ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹത്തിന്റെ വ്യക്തിത്വസവിശേഷതകളുടെ വർണ്ണനകളായിരുന്നു. കവികൾക്കിടയിലെ ദൈവശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞർക്കിടയിലെ കവിയുമായ മാർ അപ്രേമിനെ അന്ത്യോക്യൻ ദൈവശാസ്ത്രകലാലയത്തിലെ മല്പാനായിരുന്ന സൈറസിലെ തിയഡൊറെറ്റ് ''റൂഹാദ്ക്കുദ്ശായുടെ കിന്നരം'' എന്ന് വിളിച്ചത് എത്രയോ അർത്ഥവത്താണ്. ആ കിന്നരത്തിൽ നിന്നൊഴുകിയ കാവ്യങ്ങൾ വിവിധ സഭകളുടെ ആരാധനാഗീതങ്ങളിലും പ്രാർത്ഥനകളിലും ലയിച്ച് ഇന്നും അനേകരുടെ ഹൃദയങ്ങളെ ദൈവത്തിലേയ്ക്ക് ഉയർത്തുന്നു. 'സിറിയായിലെ സിംഹം' 'സഭയുടെ നെടുംതൂൺ', 'രണ്ടാമത്തെ മൂശ', 'സഭയുടെ യൂഫ്രട്ടീസ് നദി', 'കർത്താവിന്റെ കയ്യിലെ വിശുമുറം', 'സുറിയാനിക്കാരുടെ സൂര്യൻ', പ്രാവുകൾക്കിടയിലെ കഴുകൻ' എന്നിങ്ങനെ നീണ്ടുപോകുന്നു അദ്ദേഹത്തിന്റെ അപരനാമ പരമ്പര.

മാർ അപ്രേമിന്റെ കൃതികളുടെ ബാഹുല്യവും വൈവിധ്യവും ആരിലും വിസ്മയം ജനിപ്പിക്കും ഗദ്യവും പദ്യവും അദ്ദേഹത്തിന് ഒരുപോലെ വഴങ്ങുമായിരുന്നു. പതിരായിരക്കണക്കിന് കാവ്യങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെന്ന് കരുതുന്നു. 'തുർഗാമേ' (തനിഗദ്യം), മെമ്രേ (ഗദ്യ-പദ്യ മിശ്രിതം), മദ്രാശേ (പദ്യം) എന്നീ മൂന്നുഗണങ്ങളിലായി രചിക്കപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെ കൃതികൾ കരകാണാകടലുപോലെ പരന്നുകിടക്കുന്നു. അദ്ദേഹത്തിന്റേതെന്ന് നിസംശയം തെളിഞ്ഞിട്ടുള്ള കൃതികൾ കൂടാതെ ഒട്ടേറെ ഗ്രന്ഥങ്ങൾ അദ്ദേഹത്തിൽ ആരോപിക്കപ്പെടുന്നുണ്ട്.

മാർ അപ്രേമിന്റെ ദൈവശാസ്ത്രം മൗതികതയുടെ ഉച്ചസ്ഥായിലാണ് നിൽക്കുന്നത്. വി. ഗ്രന്ഥവും സ്രഷ്ടപ്രപഞ്ചവും ദൈവത്തിന്റെ രണ്ട് സാക്ഷികളാണ്. ദൈവം മീട്ടുന്ന കിന്നരങ്ങളാണവ. പ്രകൃതി ദൈവത്തിന്റെ കൂദാശയാണ്. ദൈവം പ്രകൃതിയിലൂടെ പ്രതീകങ്ങൾ വഴി സംസാരിക്കുന്നു. മാർ അപ്രേമിന്റെ ഭാസുരനയനങ്ങൾക്ക് (Luminous eyes) പ്രപഞ്ചത്തിൽ എവിടെ നോക്കിയാലും ദൈവമഹത്വം ദർശിക്കാനായി. പ്രകൃതി മുഴുവൻ, മണ്ണും വിണ്ണും, പുഷ്പങ്ങളും പക്ഷിമൃഗാദികളും മനുഷ്യനുമെല്ലാം ദൈവത്തിന്റെ അദൃശ്യശക്തിയുടെ ദൃശ്യ അടയാളങ്ങളാണ്. ശിശുസഹജമായ നിഷ്കളങ്കത സ്വന്തമാക്കിയ അദ്ദേഹത്തിന്റെ നിർമ്മല ഹൃദയത്തിനും അത്ഭുതം നിറഞ്ഞ കണ്ണുകൾക്കും ഈ പ്രപഞ്ചത്തിൽ നിഗൂഢമായിരിക്കുന്ന ദൈവമഹത്വം കാണാനായപ്പോൾ ആ വിസ്മയത്തിൽ അദ്ദേഹം പാടി: ''എവിടേയ്ക്ക് കണ്ണു തിരിച്ചാലും അവിടെയെല്ലാം ദൈവത്തിന്റെ അടയാളം. എന്തൊക്കെ വായിച്ചാലും അവിടെയെല്ലാം അവന്റെ പ്രതീകങ്ങൾ'' (കന്യാത്വഗീതങ്ങൾ 20:12). വിശ്വാസത്തിന്റെ നയനങ്ങൾ സ്വന്തമായുള്ള ആർക്കും ഈ ഉൾക്കാഴ്ച സ്വന്തമാക്കാനാകുമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. ഉദാഹരണമായി പ്രപഞ്ചത്തിൽ എവിടെ നോക്കിയാലും മാർ അപ്രേമിന് സ്ലീവാ ദർശിക്കാനായി. കപ്പലുകളുടെ പായ്മരത്തണ്ടിലും, നിലം ഉഴുതു മറിക്കുന്ന കലപ്പയിലും, കൈകൾ വിരിച്ചു പിടിക്കുന്ന മനുഷ്യനിലും ആകാശത്തു പറക്കുന്ന പക്ഷിയിലുമെല്ലാം അദ്ദേഹം കർത്താവിന്റെ സ്ലീവാ ദർശിച്ചു. തന്റെ വിശ്വാസഗീതത്തിൽ അദ്ദേഹം ഇപ്രകാരം പാടുന്നു:

> ''കിളികൾ മൂന്നു ഘട്ടങ്ങളിലൂടെ വളരുന്നു - ഉദരത്തിൽ നിന്ന് മുട്ടയിലേക്ക് - മുട്ടയിൽ നിന്ന് കൂട്ടിലേക്ക് - കൂട്ടിൽ നിന്ന് പാട്ടിലേക്ക് - പൂർണ്ണവളർച്ചയെത്തുമ്പോൾ സ്ലീവായുടെ

www.malankaralibrary.com

ആകൃതിയിൽ ചിറകു വിടർത്തി അവ വായുവിലപറക്കുന്നു - പക്ഷി തന്റെ ചിറക് മടക്കി സ്ലീവായുടെ വിരിച്ച പ്രതീകത്തെ നിഷേധിച്ചാൽ വായുവും അതിനെ നിഷേധിക്കും - അതിന്റെ ചിറകുകൾ സ്ലീവായെ പ്രഘോഷിക്കാതിരുന്നാൽ വായു അതിനെ വഹിക്കുകയില്ല". (XVII 2,6)

മാർ അപ്രേമിന്റെ ദൈവശാസ്ത്രം അക്ഷരാർത്ഥത്തിൽ വി. ഗ്രന്ഥത്തിൽ ചാലിച്ചെടുത്തതാണ്. വി. ഗ്രന്ഥത്തിലെ മിക്ക പുസ്തകങ്ങൾക്കും അദ്ദേഹം ഭാഷ്യം രചിച്ചിട്ടുണ്ട്. ദൈവവചനം വ്യാഖ്യാനിച്ച് തീർക്കുവാനുള്ളതല്ല എന്നാണ് മാർ അപ്രേമിന്റെ അഭിപ്രായം. വി. ഗ്രന്ഥത്തിലെ വാക്കുകൾക്ക് നിരവധി അർത്ഥങ്ങളുണ്ട്. ഓരോരുത്തനും അവനവനാവശ്യമുള്ളത് അതിൽ കണ്ടെത്തുന്നു. നിറയെ ഫലം കായിച്ചു നിൽക്കുന്ന ജീവന്റെ വൃക്ഷമാണത്. അതിന്റെ ഏതു ഭാഗത്തു നിന്നും ഫലം കിട്ടുന്നു.

മഹാതാപസികനായിരുന്നെങ്കിലും അദ്ദേഹം ഒരിക്കലും സഭാജീവിതത്തിൽ നിന്നോ സമൂഹജീവിതത്തിൽ നിന്നോ അകന്ന് കഴിഞ്ഞ ഒരു ഏകാന്തവാസി ആയിരുന്നില്ല. 'ഉടമ്പടിയുടെ മക്കൾ' എന്ന താപസസമൂഹത്തിന്റെ ഭാഗമായി നിന്ന് സഭാശുശ്രൂഷകൾ പൂർണ്ണഹൃദയത്തോടെ നിർവ്വഹിച്ച ഈ എളിയ മ്ശംശാനയുടെ സ്പർശനമേല്ക്കാത്ത മേഖലകളില്ല. ഗായകസംഘ തലവൻ എന്ന നിലയിൽ ഉടമ്പടിയുടെ പുത്രിമാരെ അദ്ദേഹം ഗീതങ്ങൾ പഠിപ്പിച്ചു. പാഷണ്ഡികൾ പ്രചരിപ്പിച്ച പല അബദ്ധ പ്രബോധനങ്ങൾക്കുമെതിരെ ശരിയായ ദൈവശാസ്ത്രം പഠിപ്പിക്കുവാൻ മാർ അപ്രേം രചിച്ച പ്രസ്തുത ഗീതങ്ങളിൽ പലതും ഭാഷയുടെയും സംസ്ക്കാരത്തിന്റെയും അതിരുകൾ കടന്ന് വിവിധസഭകളുടെ ആരാധനാ ഗീതങ്ങൾക്കിടയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മൗതികതയുടെ ആഴങ്ങൾ കണ്ടിരുന്നെങ്കിലും സഹജരുടെ ക്ലേശങ്ങളും പ്രയാസങ്ങളും ഒപ്പിയെടുക്കാനുള്ള ആർദ്രതയും അദ്ദേഹത്തിന്റെ ഹൃദയത്തിന് സ്വന്തമായിരുന്നു. AD 372 ൽ എദ്ദേസാ നിവാസികൾ പട്ടിണിയും പകർച്ചവ്യാധികളും മൂലം കഷ്ടപ്പെട്ടപ്പോൾ അവരെ ശുശ്രൂഷിക്കാനായി സന്നദ്ധസംഘങ്ങൾ തന്നെ അദ്ദേഹം രൂപീകരിച്ചു. ദരിദ്രരും രോഗികളും മൃതപ്രായരുമായ തന്റെ സഹോദരരെ ശുശ്രൂഷിക്കുവാൻ ആ വൃദ്ധതാപസൻ അഹോരാത്രം യത്നിച്ചു. ഒരു പക്ഷേ കഠിനമായ ആ ദിനങ്ങളിലെ ക്ലേശകരമായ അദ്ധ്വാനം മൂലമാകാം AD 373 ജൂൺ 9 ാം തീയതി അദ്ദേഹം തേജസ്കൃതനായി ഇഹലോകവാസം വെടിഞ്ഞു. എങ്കിലും ''റൂഹാദ്ക്കുദ്ശായുടെ ആ സുന്ദര കിന്നരത്തിൽ നിന്നുയരുന്ന മനോഹര ഗീതങ്ങൾ നൂറ്റാണ്ടുകൾക്കിപ്പുറവും സഭ മുഴുവനിലും മാറ്റൊലി കൊള്ളുന്നു. മാർ അപ്രേമിനൊപ്പം മാർ അപ്രേം മാത്രം! നമ്മുടെ സഭയുടെ ലിറ്റർജിയിൽ പ്രത്യേകിച്ച് യാമ ശുശ്രൂഷകളിൽ നാം പങ്കുചേരുന്ന അവസരങ്ങളിലെല്ലാം മാർ അപ്രേം താൻ രചിച്ച ഗീതങ്ങളിലൂടെ യഥാർത്ഥ വിശ്വാസം നമ്മെ പഠിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ആ വിശ്രുത മല്പാന്റെ വിദൂര ശിഷ്യരായതിൽ നമുക്കും അഭിമാനിക്കാം.

ഡോ.സി.റോസിലിൻ എം.റ്റി.എസ്
കുറുമ്പനാടം
05-06-2021

Read More www.Syromalabarliturgy.org

www.malankaralibrary.com